IT

STARRED on 14-06-2013

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121 — 14.6.2013-ന് മറുപടിക്ക്

## ബി.എസ്.യു.പി. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>,, എം. ഹംസ<br>,, വി. ശിവൻകുട്ടി<br>,, കെ. സുരേഷ് കുറുപ്പ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങൾക്കുള്ള ബി.എസ്.യു.പി. പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കുന്നത്; പ്രസ്തുത പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) ബി.എസ്.യു.പി പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം കോർപ്പറേഷനിലും 5 സമീപ പഞ്ചായത്തുകളിലും, കൊച്ചി കോർപ്പറേഷനിലും 11 സമീപ പഞ്ചായത്തുകളിലും, തൃപ്പൂണിത്തുറ, കളമശേരി എന്നീ നഗരസഭകളിലുമാണ് നടപ്പിലാക്കുന്നത്.<br>പദ്ധതിയുടെ അവലോകനം നഗരകാര്യ മന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല എംപവേഡ് കമ്മിറ്റിയിലും കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി തലത്തിലും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന മാസത്തിലൊരിക്കലും നടത്താറുണ്ട്. |
| ബി) എന്തെല്ലാം അടിസ്ഥാന സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ; | ബി) ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസുകൾ, കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ, ഭൗതികസൗകര്യങ്ങളായ ശുദ്ധജല വിതരണം, ഓടകൾ, പൊതു കുളിമുറികൾ, നിലവിലുള്ള ചെറുപാതകളുടെ വീതി കൂട്ടലും പേവിംഗും, സീവേജ് ലൈനുകൾ, തെരുവ് വിളക്കുകൾ, അംഗൻവാടികൾ, അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വായനശാല, ക്ലബ്ബുകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുട്ടികളുടെ കളിസ്ഥലങ്ങൾ തുടങ്ങിയ |

സേവനങ്ങളാണ് ഈ പദ്ധതി വഴി നൽകാൻ ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതു മൂലം ഫണ്ടിംഗ് ഏജൻസികൾക്ക് പിഴ പലിശ നൽകേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | സി) | പിഴപലിശ നൽകേണ്ടതായി വന്നിട്ടില്ല. |
| ഡി) | പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | ഡി) | ബിഎസ്‌യുപി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് നഗരകാര്യ മന്ത്രി തലത്തിലും കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തലത്തിലും അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും വിലയിരുത്തലുകളും പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ പദ്ധതി ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ ഒരു പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ജില്ലാതലത്തിൽ ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവർ ബിഎസ്‌യുപി പദ്ധതി നടപ്പിലാക്കുന്ന നഗരസഭകളും പ്രവൃത്തി സ്ഥലങ്ങളും സന്ദർശിക്കുകയും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ